**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 88** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള നാലുവരി പാതകളുടെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ ശ്രീ. വി. ഡി. സതീശൻ

ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (മുഖ്യമന്ത്രി)

**(എ)** കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള നാലുവരി പാതകളുടെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി വേഗത്തിൽ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു

1. **<u>റോഡ് 1- കൊടുവള്ളി - മമ്പറം - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡ്</u>**

തലശ്ശേരി മാഹി ബൈപ്പാസിൽ ബാലത്തിൽ നിന്നും തുടങ്ങി പിണറായി - മമ്പറം - അഞ്ചരക്കണ്ടി - എന്നിവയെ ബന്ധിപ്പിച്ച് മട്ടന്നൂർ ടൗണിന് സമീപം വായന്തോടിൽ അവസാനിക്കുന്ന പ്രവൃത്തിയുടെ DPR ന്റെ ആകെ തുക 961.67 കോടി രൂപയാണ് . **21.976** കിലോമീറ്റർ നീളവും 24 മീറ്റർ വീതിയുള്ള നിർദ്ദിഷ്ട പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് **423.72 കോടി** രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം 08.01.2025 ന് പ്രസിദ്ധീകരിച്ചു. സർവ്വെ സബ് ഡിവിഷൻ പ്രവൃത്തികളും സ്ട്രക്ചറൽ വാല്യുയേഷൻ നടപടികളും പുരോഗമിക്കുന്നു,

**<u>2 .റോഡ് - 2 .പെരിങ്ങത്തൂർ - പാനൂർ -കൂത്ത്പറമ്പ് - മട്ടന്നൂർ എയർപോർട്ട് റോഡ്</u>**

കൂത്തുപറമ്പ്, തലശ്ശേരി, മട്ടന്നൂർ നിയമസഭാ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പ്രസ്തുത എയർപോർട്ട് കണക്റ്റിവിറ്റി റോഡ് പെരിങ്ങത്തൂരിൽ നിന്നും ആരംഭിച്ച് മേക്കുന്ന്-പാനൂർ-പൂക്കോട്-കൂത്തുപറമ്പ് എന്നിവയെ ബന്ധിപ്പിച്ച് എയർപോർട്ടിന് സമീപം അവസാനിക്കുന്ന നാല് വരിപ്പാതയാണ്. 28.55 കിലോമീറ്റർ നീളവും 24 മീറ്റർ വീതിയുമാണ് നിർദ്ദിഷ്ട പാതയ്ക്ക് 1009.98 കോടി രൂപയുടെ പരിഷ്കരിച്ച DPR കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. 39.863 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമാണത്തിനായി ഏറ്റെടുക്കേണ്ടത്. ഈ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് 25.04.2023ന് 591.03 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കുകയും. 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യാഘാത പഠന വിദഗ്ദ്ധ സമിതി ശിപാർശ പ്രകാരം 2013 ലെ എൽ എ ആർ ആർ നിയമ പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനായി അനുമതി ലഭിച്ചതിൽ പ്രകാരം. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

**<u>3. റോഡ് - 3. മാനന്തവാടി - പേരാവൂർ - മട്ടന്നൂർ എയർപോർട്ട് റോഡ്</u>**

മാനന്തവാടി മുതൽ അമ്പായത്തോട് വരെ 18.00 കി.മീ നീളത്തിൽ മലയോരഹൈവേ പ്രവൃത്തിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അമ്പായത്തോട് മുതൽ മട്ടന്നൂർ വരെ **40**

**കി.മീ** നീളത്തിലുള്ള നിർദ്ദിഷ്ട എയർപ്പോർട്ട് കണക്ടിവിറ്റി റോഡ് നിലവിൽ നാലുവരിപ്പാതയായാണ് വികസിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്. **84.906** ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടത്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി കിഫ്ബിയിൽ നിന്നും 25-04-2023 ന് **964.72** കോടി രൂപയുടെ സാമ്പത്തീകാനുമതി ലഭ്യമായിട്ടുണ്ട്. 11(1) നോട്ടിഫിക്കേഷൻ 06.11.2025- ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**(ബി)** നാലുവരി പാതകളുടെ നിലവിലെ പ്രവൃത്തി പുരോഗതി വ്യക്തമാക്കാമോ?

**മറുപടി: 1.റോഡ് 1- കൊട്ടുവള്ളി - മമ്പറം - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡ്.**

7 വില്ലേജുകളിലെയും സർവ്വെ സബ് ഡിവിഷൻ പ്രവൃത്തികളും, വ്യക്തിഗത സർവ്വേയും സ്ട്രക്ചറൽ വാല്യുയേഷൻ നടപടികളും പുരോഗമിക്കുന്നു,

**2.റോഡ് - 2 പെരിങ്ങത്തൂർ - പാനൂർ - കൂത്ത്പറമ്പ് - മട്ടന്നൂർ എയർപോർട്ട് റോഡ്**

11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

**3.റോഡ് - 3. മാനന്തവാടി - പേരാവൂർ - മട്ടന്നൂർ എയർപോർട്ട് റോഡ്**

11(1) നോട്ടിഫിക്കേഷൻ 06.11.2025-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.സബ് ഡിവിഷൻ സർവ്വേ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**